"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - വി. സി/75/219/കൊല്ലം - കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ ചൂഴതിൽ തേക്ക് മുകളിൽ റോക്കി ക്വാറിയുടെ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിലെ ശുപാർശ - കൊല്ലം ജില്ല ജിയോളജിസ്റ്റ് ശ്രീ ശ്രീജിത്ത് എസ് - നെതിരെയുള്ള അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.443/2024/ID തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡയറക്ടറുടെ 23.11.2019 ലെ ഇ3/(എസ്. സി75/2018/കൊല്ലം) 33258/2019നം. കത്ത്.
2. വിജിലൻസ് (ബി) വകുപ്പിന്റെ 17.12.2019 ലെ ബി1/506/2019/വിജി നം. കത്ത്.
3. 8.02.2020 ലെ എ1/431/2019 നം. കുറ്റാരോപണ പത്രികയും കുറ്റാരോപണ മെമ്മോയും.
4. ശ്രീ ശ്രീജിത്ത് എസ് ന്റെ 30.06.2020 ലെ പ്രതിവാദപത്രിക
5. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 18.12.2020ലെ 2850/ഇ1/2020നം. റിപ്പോർട്ട്.
6. 15.11.2022 ലെ സ.ഉ ( സാ.ധാ) 198/2022/വ്യവ നം. ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തെ പാറ ക്വാറികളിൽ അനധികൃത ഖനനം നടക്കുന്നു എന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 05.09.2019 തീയതിയിൽ കൊട്ടാരക്കര വെളിയം ചൂഴതിൽ തേക്ക് മുകലിൽ റോക്കി ക്വാറിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

(എ) ഗേറ്റ് പാസ് ബുക്കിൽ 65 വാഹനങ്ങൾക്ക് പാസ്സ് നൽകിയിരുന്നതായി കാണിച്ചിട്ടുണ്ടെങ്കിലും പാറ കൊണ്ടു പോയതിൽ 14 വാഹനങ്ങൾ കുറച്ചാണ് കംപ്യൂട്ടറിലെ ഇ-പാസ്സ് രേഖകളിൽ കാണിച്ചിരിക്കുന്നത്. ആയതിനാൽ ദിവസേന 2520 മെട്രിക് ടൺ ധാതു

അനധികൃതമായി കടത്തുന്നു.

(ബി) മൈനിംഗ് ഏരിയയിലെ ഫെൻസിംഗ് പരിശോധിച്ചതിൽ വേലി കെട്ടിത്തിരിച്ചതായി കാണുന്നില്ല .

(സി) മൈനിംഗ് റേഞ്ച് സ്ഥാപിക്കാതെ അപകടകരമായ രീതിയിൽ ത്തുക്കായി പാറ ഖനനം ചെയ്തു വരുന്നു .

2) ഗുരുതരമായ ക്രമക്കേടുകളിൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന കൊല്ലം ജില്ലാ ജിയോളജിസ്റ്റ് ശ്രീ.ശ്രീജിത്തിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും ക്രമക്കേടുകൾ പരിഹരിക്കുന്നതിനും പരാമർശം (1) പ്രകാരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. വിജിലൻസ് ഡയറക്ടറുടെ ശിപാർശയിന്മേൽ കുറ്റാരോപിതനായ കൊല്ലം ജില്ലാ ജിയോളജിസ്റ്റ് ശ്രീ.ശ്രീജിത്തിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോയും പത്രികയും നൽകിയിരുന്നു.

3) പരിശോധന നടന്ന 5-9-2019 ൽ മുപ്പതോളം ക്വാറികൾ കൊല്ലം ജില്ലയിലെ മേജർ/ മൈനർ ധാതുക്കളുടെ ഖനനപരിശോധനയ്ക്ക് കേവലം ഒരു വാഹനവും ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റും ഒരു മിനറൽ ഇൻസ്പെക്ടറും മാത്രം ഉണ്ടായിരുന്നതിനാൽ മുപ്പതോളം ക്വാറികളിലെല്ലാം തുടർച്ചയായി പരിശോധന നടത്തുവാൻ നിർവാഹമില്ലായിരുന്നുവെന്നും ക്വാറി ഉടമ ഫെൻസിംങ് ചെയ്തിട്ടില്ല എന്നതാണ് ശ്രീജിത്തിനെതിരെയുള്ള രണ്ടാമത്തെ ആരോപണം സംബന്ധിച്ച് ലീസ് / പെർമിറ്റ് അനുവദിക്കുന്ന സമയങ്ങളിൽ ക്വാറി ഉടമ ഫെൻസിംങ് ചെയ്യാറുണ്ടെന്നും എന്നാൽ എക്സ്പ്ലോസീവ് ഉപയോഗിച്ച് ഖനനം നടത്തിയ സമയത്തു അവ നശിച്ചു പോയതാകാമെന്നും, മൈനിംങ് ബഞ്ച് സ്ഥാപിക്കാതെ അപകടമായ രീതിയിൽ പാറ ഖനനം നടത്തുന്നു എന്നതായുള്ള ആരോപണത്തിനു ആറു മീറ്ററിലധികം താഴ്ചയുള്ള ഒരു ക്വാറിയുടെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കുന്നതും നടപടികൾ സ്വീകരിക്കേണ്ടതും ആ വകുപ്പല്ല എന്നും ഡയറക്ടർ ഓഫ് മൈനിങ് ആൻഡ് സേഫ്റ്റി ആണ് പരിശോധന നടത്തേണ്ടതെന്നും ശ്രീ ശ്രീജിത്ത്.എസ് പരാമർശം (4) പ്രകാരമുള്ള പ്രതിവാദപത്രികയിൽ സമർത്ഥിച്ചിരിക്കുന്നു.

4) കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ ചൂഴതിൽ തെക്കുമുകളിൽ റോക്കി

ക്വാറിയിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ടിയാനെതിരെ ഉന്നയിച്ചിരിക്കുന്ന ഒന്നാമത്തെ ആരോപണത്തിന് 65 ലോറികൾക്ക് ഗേറ്റ് പാസ് നൽകിയതിൽ 14 വാഹനങ്ങൾ കുറച്ചാണ് ഈ പാസ് രേഖകളിൽ കാണിച്ചിരിക്കുന്നതെന്നും ആയതിനാൽ ദിവസേന 2520 മെട്രിക് ടൺ ധാതു അനധികൃതമായി കടത്തുന്നു എന്നുള്ള കാര്യം തികച്ചും യുക്തിരഹിതമാണ്. 14 വാഹനങ്ങളിൽ കൂടി 2500 മെട്രിക് ടൺ ധാതു കടത്തണമെങ്കിൽ കുറഞ്ഞത് 180 മെട്രിക് ടൺ ധാതു ഒരു വാഹനത്തിൽ കയറ്റേണ്ടി വരും ആയതിനാൽ ഈ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ക്വാറികളിൽ ദിനംപ്രതി പരിശോധന നടത്തുക എന്നത് തീർത്തും അപ്രായോഗികമാണ്. ആയതുകൊണ്ട് ആരോപണങ്ങളിന്മേൽ 1 നം 2 നം നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്നും എന്നാൽ മൂന്നാമത്തെ ആരോപണത്തിൽ നൽകിയിട്ടുള്ള മറുപടി പൂർണ്ണമായും തൃപ്തികരമല്ല. ക്വാറികളിൽ മൈനിംഗ് ബെഞ്ച് സ്ഥാപിച്ച ഖനനം നടത്തണമെന്നത് നിയമത്തിൽ അനുശാസിക്കുന്നുണ്ട്. ആയതു പരിശോധിക്കുക എന്നത് ജില്ലാ ജിയോളജിസ്റ്റിന്റെയും കൂടി ഉത്തരവാദിത്തമാണ് എന്നും മൈനിങ് ആൻഡ് ജിയോളജി ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5) വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ കൊല്ലം ജില്ലാ ജിയോളജിസ്റ്റ് ശ്രീ.ശ്രീജിത്തിനെതിരെ മേജർ പെനാൽറ്റിക്കുള്ള നടപടി ക്രമത്തിന്റെ ഭാഗമായി KCS&CCA Rule 15 പ്രകാരം Formal enquiry നടത്തുന്നതിലേക്കായിപരാമർശം (6) പ്രകാരം വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയെ നിയമിക്കുകയും 8.12.2022 ൽ ശ്രീ ശ്രീജിത്ത് എസ് നെ നേരിൽ കേൾക്കുകയുമുണ്ടായി.

6. ഹിയറിംഗ് വേളയിൽ ശ്രീ ശ്രീജിത്ത് ചുവടെപറയുംപ്രകാരം വിശദീകരണം നൽകി.

ശ്രീ. ശ്രീജിത്ത് കൊല്ലം ജില്ലാ ആഫീസിൽ 8/3/2018 ൽ ജിയോളജിസ്റ്റായിചുമതല ഏൽക്കുകയും 4/9/2019 ൽ സ്ഥലം മാറ്റം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്.കൊല്ലം ജില്ലാ ഓഫീസിൽ താൻ ചുമതല ഏൽക്കുന്ന സമയത്ത് മണ്ണ് മാറ്റുന്നതിനുള്ള എണ്ണൂറോളം അപേക്ഷകളും ഇരുപതോളം കരിങ്കൽ ഖനനത്തിനായുള്ള അനുമതിക്കുള്ള അപേക്ഷകളും തീർപ്പാക്കാനുണ്ടായിരുന്നു. ടി സമയത്ത് കൊല്ലം ജില്ലയിൽ ഇരുപത്തഞ്ചോളം ക്വാറികൾ പ്രവർത്തിച്ചു വന്നിരുന്നു. അവയിൽ പരാതിയുള്ള സ്ഥലങ്ങൾ സന്ദർശിച്ച് വീഴ്ചകൾ വരുത്തിയ ക്വാറികൾക്കെതിരെ നടപടികൾ സ്വീകരിച്ച് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കിയിട്ടുള്ളതായി

റവന്യൂ വരുമാനം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ശ്രീ. ആർ. മുരളീധരൻ, കീർത്തി ഭവൻ, കടക്കോട് പി. ഒ എന്ന വ്യക്തി കൊട്ടാരക്കര തലൂക്കിൽ ഓടനാവട്ടം വില്ലേജിൽ, സർവ്വേ നം. 190/9, 11, 12-3-2, 13, 193/1, 2, 2-1, 3-2, 3-2-2 പ്പെട്ട 88.02 ആർ സ്ഥലത്ത് നടത്തിയിരുന്ന റോക്കി ക്വാറിയിലാണ് വിജിലൻസിന്റെ മിന്നൽ പരിശോധന 5/9/2019 ന നടന്നിട്ടുള്ളത്. കൊല്ലം ജില്ലാ ഓഫീസിലെ ഫയലുകൾ പരിശോധിച്ചതിൽ 17/10/2017 ന് ടിക്വാറിയുടെ അപേക്ഷ ഓഫീസിൽ ലഭിക്കുകയും 26/10/2017 ന തൽസമയം അസിസ്റ്റന്റ് ജിയോളജിസ്റ്റ് അന്നത്തെ ജിയോളജിസ്റ്റിനോടൊപ്പം സ്ഥല പരിശോധന നടത്തി 17/11/2017 ന LOI അനുവദിക്കുകയും ആയതിനുശേഷം 11/12/2017 ൽ ആണ് ടി ക്വാറിയുടെ മൈനിംഗ് പ്ലാൻ ടിയാൻ സമർപ്പിച്ചിട്ടുള്ളതായും 4/1/2018 ൽ ടി മൈനിംഗ് പ്ലാൻ അന്നത്തെ ജിയോളജിസ്റ്റ് അംഗീകരിച്ച നൽകുകയും ചെയ്തതായി കാണുന്നു. തുടർന്ന് DEIAC കമ്മിറ്റി നൽകിയ ശിപാർശ പ്രകാരം ടിയാൻ റിവൈസ്ഡ് മൈനിംഗ് പ്ലാൻ സമർപ്പിക്കുകയും 24/3/2018 ൽആയത് അന്നത്തെ ജിയോളജിസ്റ്റ് ആയ താൻ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്, തുടർന്ന് 4/6/2018 ന ശ്രീ. മുരളീധരൻ പരിസ്ഥിതി ക്ലിയറൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി പത്രം, വെളിയം ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള D & O ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കുകയും ആയതിൻ പ്രകാരം 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മൈനിംഗ് പ്ലാൻ പ്രകാരമുള്ള ഖനന അളവായി 26268 മെട്രിക് ടൺ കരിങ്കല്ല് ഖനനം ചെയ്യുന്നതിന് റോയൽറ്റി സർഫസ് റെന്റ് എന്നിവ ഈടാക്കി 18/6/2018 ന 2/18-19/MM/GBS/STP/2949/DOQ/S2/2017 നമ്പറായി 31/10/2018 വരെ കാലാവധിയുള്ള ആദ്യ ക്വാറീയിഗ് പെർമിറ്റും തുടർന്ന് റോയൽറ്റി, സർഫസ് റെന്റ് എന്നിവ ഈടാക്കി 31/3/2019 വരെ കാലാവധി പുതുക്കി നൽകുകയും ചെയ്തു. ആദ്യ വർഷം അവസാനിച്ചതിന് ശേഷം കൊട്ടാരക്കര തഹസിൽദാറുടെ ഖനനം ചെയ്ത അളവിന്റെ സ്കെച്ച് ജില്ലാ ഓഫിസീൽ ആവശ്യപ്പെട്ട പ്രകാരം ലഭിക്കുകയും അന്നത്തെ അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലം പരിശോധിക്കുകയും അധികമായി ഖനനം ചെയ്ത 9188.75 മെട്രിക് ടൺ പാറയുടെ മൂന്നിരട്ടി റോയൽറ്റി 50,000/- രൂപ പിഴയും ചേർത്ത് 7,11,590/- രൂപ ഈടാക്കുകയും ചെയ്തതിനു ശേഷമാണ് രണ്ടാം വർഷത്തെ ക്വാറീയിഗ് പെർമിറ്റ് 17/6/2019 ന അനുവദിച്ചത്. ആയതിൽ നിന്നും വർഷാവർഷം ഖനനം ചെയ്ത് മാറ്റിയ പാറയുടെ അളവ് തിട്ടപ്പെടുത്തി സർക്കാരിന് ഒടുക്കേണ്ട തുക ഒടുക്കിയ ശേഷമാണ് ക്വാറീയിഗ് പെർമിറ്റ് പുതുക്കി നൽകിയതെന്ന് കാണാവുന്നതാണ്. രണ്ടാം വർഷത്തെ കരിങ്കല്ലിന്റെ അളവായ 53807 മെട്രിക്ടൺ കരിങ്കല്ലിന്റെ റോയൽറ്റി, സർഫസ് റെന്റ് എന്നിവ ഈടാക്കി 17/6/2019 ൽ 6/19-20/MM/GBS/

STP/1411/SOA/S2/2019 നമ്പറായി അനുവദിക്കുകയും ചെയ്തു. തുടർന്ന് 2019 സെപ്റ്റംബർ 2-ഠം തീയതി താൻ കൊല്ലം ജില്ലാ ആഫീസിൽ നിന്നും പത്തനംതിട്ട ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റം കിട്ടിപോയിട്ടുള്ളതുമാണ്. തുടർന്നുള്ള കാലഘട്ടത്തിലെ ഫയൽ പരിശോധിച്ചതിൽ രണ്ടാം വർഷത്തെ പെർമിറ്റ് അവസാനിച്ചതിനു ശേഷം 30/6/2020 ന ശ്രീ. മുരളീധരൻ ടി ക്വാറീയിംഗ് പെർമിറ്റ് പുതുക്കുന്നതിനു അപേക്ഷ നൽകുകയും തുടർന്ന് അന്നത്തെ ജിയോളജിസ്റ്റ് വീണ്ടും താലൂക്ക് സർവ്വേയറിൽ നിന്നും സർവ്വേ മാപ്പ് ലഭ്യമാക്കുകയും ചെയ്തതായി കാണുന്നു. തൽസമയത്തെ ജിയോളജിസ്റ്റ് സ്ഥലം പരിശോധിക്കുകയും മൈനിംഗ് ബെഞ്ചുകൾ സ്ഥാപിക്കാത്തതിനാൽ 1,00,000/-രൂപ പിഴ ഈടാക്കിയിട്ടുളളതായി കാണുന്നു. മേൽ സൂചിപ്പിച്ചവയിൽ നിന്നും ഓരോ വർഷവും ക്വാറീയിഗ് പെർമിറ്റ് പുതുക്കിയ വേളയിൽ താലൂക്ക് സർവ്വേയറിൽ നിന്നും സർവ്വെ സ്കെച്ച് വാങ്ങി കുടിശ്ശിക തുക ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കിയിട്ടാണ് അനുമതി പുതുക്കി നൽകിയിട്ടുള്ളതെന്ന് കാണാം.

2015 ലെ കേരള മൈനർ മീനറൽ കൺസഷൻ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് തന്നെ അപേക്ഷാ സ്ഥലവും അതിനോടു ചേർന്നുള്ള മറ്റു സ്ഥലങ്ങളും ബെഞ്ചുകളൊന്നും സ്ഥാപിക്കാതെ ക്രമരഹിതമായി വൻ രീതിയിൽ ഖനനം നടന്ന നിലയിലായിരുന്നു. ആയത് അംഗീകരിച്ച് മൈനിംഗ് പ്ലാനിലുള്ള ഗൂഗിൾ എർത്ത് മാപ്പുകൾ നോക്കിയാൽ മനസ്സിലാക്കാവുന്നതാണ് ഇപ്രകാരം ബെഞ്ചുകളില്ലാതെ സമീപപ്രദേശങ്ങളേക്കാൾ ഉയരത്തിൽ നിൽ ക്കുന്ന സ്ഥലങ്ങളിൽ, ആദ്യ വർഷം തന്നെ ബെഞ്ച് സ്ഥാപിക്കുക എന്നത് ആസാധ്യമാണ്. അംഗീകരിച്ച മൈനിംങ് പ്ലാനിൽ ആദ്യ വർഷ ഖനനത്തിന് ബെഞ്ചുകൾ രൂപപ്പെടുത്തുന്നതായി കാണിച്ചിട്ടുമില്ല. രണ്ടാം വർഷം ക്വാറീയിഗ് പെർമിറ്റ് അനുവദിച്ചതിന്റെ അടുത്ത മാസം തന്നെ താൻ കൊല്ലം ജില്ലയിൽ നിന്നും സ്ഥലം മാറിപ്പോയിട്ടുള്ളതും രണ്ടാം വർഷം ക്വാറീയിംഗ് പെർമിറ്റ് അവസാനിച്ച ശേഷം മൂന്നാം വർഷം ക്വാറീയിഗ് പെർമിറ്റ് പുതുക്കുന്നതിന് മുൻപായി തന്നെ രണ്ടാം വർഷം ക്വാറി ബഞ്ച് സ്ഥാപിക്കാത്തതിനാൽ തൽസമയ ജിയോളജിസ്റ്റ് ക്വാറി ഉടമയിൽ നിന്നും പിഴ ഈടാക്കിയിട്ടുള്ളതുമാണ്.

തൽസമയം കൊല്ലം ജില്ലാ ഓഫീസിൽ ജിയോളജിസ്റ്റിനെകൂടാതെ ടെക്നിക്കൽ സ്റ്റാഫായി കേവലം ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. എങ്കിൽകൂടി തീർപ്പാക്കാൻ ഉണ്ടായിരുന്ന ഫയലുകളിൽ ഭൂരിഭാഗത്തിലും നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ജിയോളജിസ്റ്റ് എന്നുള്ള നിലയിൽ ദൈനംദിന ഓഫീസ് ജോലികൾക്കു പുറമെ നിരവധി മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതായും റിപ്പോർട്ടുകൾ നൽകേണ്ടതായും ഉണ്ട്. ജിയോളജിസ്റ്റ്

എന്നുള്ള നിലയ്ക്ക് മുൻ സൂചിപ്പിച്ച ജോലികൾ കൂടാതെ DEIAC കമ്മിറ്റിയുടെ കൺവീനർ എന്ന നിലയ്ക്കും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. 2018 വർഷം ഒടുവിൽ നടന്ന flood സംബന്ധമായ ജോലികളിലും കൊല്ലം ജില്ലാ ഓഫീസ് ജില്ലാ ഭരണകൂടത്തിനു കാര്യമായ പിന്തുണ നൽകിയിട്ടുള്ളതാണ്. ഇത്രയും ജോലികളിൽ വ്യാപൃതമായിരുന്ന സമയത്ത് ജോലിയുടെ ആധിക്യവും അടിസ്ഥാന സാകര്യങ്ങളുടെ പരിമിതികളും കാരണം തുടർച്ചയായ റോഡ് ചെക്കിംഗും പാറമടകളുടെ പരിശോധനയും നടത്തുവാൻ കഴിഞ്ഞിട്ടില്ല. എങ്കിൽകൂടി ക്വാറീയിംഗ് പെർമിറ്റുകൾ പുതുക്കുന്നതിന് മുൻപായി കൃത്യമായ സ്ഥല പരിശോധനയും അനധികൃത ഖനനം നടന്നിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തി സർക്കാരിലേയ്ക്ക് ഈടാക്കേണ്ടുന്ന തുക ഈടാക്കുകയും ചെയ്തിട്ടുള്ളതാണ്. ക്വാറിയിൽ ഫെൻസിങ്, സ്ഥല പരിശോധന സമയത്ത് കാണാറുള്ളതാണ്. തുടർന്ന് ടി സ്ഥലത്ത് നടക്കുന്ന ക്വാറി പ്രവർത്തനങ്ങൾ കാരണം ടിഫെൻസിംഗുകൾ നശിച്ചു പോകുന്നതായിട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽസൂചിപ്പിച്ച കാരണങ്ങളാൽ കൊല്ലം ജില്ലയിൽ താരതമ്യേന കുറഞ്ഞ കാലയളവിലേക്ക് അനുമതി നൽകിയ ടി ക്വാറിയിൽ പെർമിറ്റ് പുതുക്കുന്നതിന് മുൻപായി വർഷാവർഷം സ്ഥല പരിശോധന നടത്തി നടപടികൾ സ്വികരിച്ചിട്ടുള്ളതാണെന്ന ശ്രീ ശ്രീജിത്ത് അവകാശപ്പെട്ടു.

7 ) <u>അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലുകൾ</u>

1. കൊല്ലം ജില്ലാ ആഫീസിൽ ശ്രീ. ശ്രീജിത്ത് 8/3/2018 ൽ ജിയോളജിസ്റ്റായിച്ചുമതല ഏൽക്കുകയും 4/9/2019 ൽ സ്ഥലംമാറ്റം ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ശ്രീ. ആർ. മുരളീധരൻ, കീർത്തി ഭവൻ, കടക്കോട് പി.ഒ എന്ന വ്യക്തി കൊട്ടാരക്കര താലൂക്കിൽ, ഓടനാവട്ടം വില്ലേജിൽ സർവ്വേ നം.190/9, 11, 12-3-2, 13, 193/1, 2, 2-1, 3-2, 3-2-2ൽ പ്പെട്ട 88.02 ആർസ് സ്ഥലത്ത് നടത്തിയിരുന്ന റോക്കി ക്വാറിയിലാണ് വിജിലൻസിന്റെ മിന്നൽ പരിശോധന 5/9/2019 തീയതി നടന്നിട്ടുള്ളത്. കൊല്ലം ജില്ലാ ഓഫീസിലെ ഫയലുകൾ പരിശോധിച്ചതിൽ 17/10/2017 ന് ടി ക്വാറിയുടെ അപേക്ഷ ഓഫീസിൽ ലഭിക്കുകയും 26/10/2017 ന് തൽസമയം അസിസ്റ്റന്റ് ജിയോളജിസ്റ്റ് അന്നത്തെ ജിയോളജിസ്റ്റിനോടൊപ്പം സ്ഥലപരിശോധന നടത്തി 17/11/2017 ന് LOI അനുവദിക്കുകയും ആയതിനുശേഷം 11/12/2017 ൽ ആണ് ക്വാറിയുടെ മൈനിംഗ് പ്ലാൻ ടിയാൻ സമർപ്പിച്ചിട്ടുള്ളതായും 4/1/2018 ൽ ടി മൈനിംഗ് പ്ലാൻ അന്നത്തെ ജിയോളജിസ്റ്റ് അംഗീകരിച്ച് ചെയ്ത് നൽകുകയും ചെയ്തതായി കാണുന്നു. തുടർന്ന് DEIAC കമ്മിറ്റി നൽകിയ

ശിപാർശ പ്രകാരം ടിയാൻ റിവൈസ്ഡ് മൈനിംഗ് പ്ലാൻ സമർപ്പിക്കുകയും 24/3/2018 ൽ ആയത് അന്നത്തെ ജിയോളജിസ്റ്റായ ശ്രീ.ശ്രീജിത്ത് അംഗീകരിച്ച് നൽകിയിട്ടുള്ളതുമാണ്.

4/6/2018 ന ശ്രീ. മുരളീധരൻ പരിസ്ഥിതി ക്ലിയറൻസ്, മലിനീകരിണനിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി പത്രം, വെളിയം ഗ്രാമ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കുകയും ആയതിൻപ്രകാരം 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം മൈനിംഗ് പ്ലാൻ പ്രകാരമുള്ള ഖനന അളവായ 26268 മെ. ടൺ കരിങ്കല്ല് ഖനനം ചെയ്യുന്നതിന് റോയൽറ്റി, സർഫസ് റെന്റ് എന്നിവ ഈടാക്കി 18/6/2018 ന 2/18-19/MM/GBS/STP/2949/DOQ/S2/2017 നമ്പറായി 31/10/2018 വരെ കാലാവധി യുള്ള ആദ്യ ക്വാറീയിഗ് പെർമിറ്റ് അനുവദിച്ചു. തുടർന്ന് 2/11/2018ൽ മേൽസൂചിപ്പിച്ച ക്വാറീയിംഗ് പെർമിറ്റ്, റോയൽറ്റി, സർഫസ് റെന്റ് എന്നിവ ഈടാക്കി 31/03/2019 വരെ കൊട്ടാരക്കര തഹസിൽദാരുടെ ഖനനം ചെയ്ത അളവിന്റെ സ്കെച്ച് ജില്ലാ ഓഫീസിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കി അന്നത്തെ അസിസ്റ്റന്റ് ജിയോളജിസ്റ്റ് സ്ഥലം പരിശോധിക്കുകയും അധികമായി ഖനനം ചെയ്ത 9166.75 മെ.ടൺ പാറയുടെ മൂന്നിരട്ടി റോയൽറ്റി 50,000/- രൂപ പിഴയും ചേർത്ത് 7,11,590 രൂപ ഈടാക്കുകയും ചെയ്തതിനു ശേഷമാണ് രണ്ടാം വർഷത്തെ ക്വാറീയിഗ് പെർമിറ്റ് പുതുക്കി നൽകിയത്. രണ്ടാംവർഷത്തെ കരിങ്കല്ലിന്റെ അളവായ 53807 മെ. ടൺ പാറയുടെ റോയൽറ്റി സർഫസ് റെന്റ് എന്നിവ ഈടാക്കി 20/MM/GBS/STP/1411/DOQ/S2/2019 17/6/2019 നമ്പറായി അനുവദിക്കുകയും ചെയ്തു. തുടർന്ന് 2019 സെപ്റ്റംബർ 4 ാം തീയതി ശ്രീ. ശ്രീജിത്ത് കൊല്ലം ജില്ലാ ഓഫീസിൽ നിന്നും പത്തനംതിട്ട ജില്ലാ ഓഫീസിലേയ്ക്ക് സ്ഥലം മാറ്റം കിട്ടി പോയിട്ടുള്ളതുമാണ്. രണ്ടാം വർഷത്തെ പെർമിറ്റ് നൽകിയശേഷം ഏകദേശം രണ്ടര മാസം കഴിഞ്ഞപ്പോൾ ശ്രീ.ശ്രീജിത്തിന് സ്ഥലം മാറ്റം ലഭിച്ചു. തുടർന്നുള്ള കാലഘട്ടത്തിലെ ഫയൽ പരിശോധിച്ചതിൽ രണ്ടാം വർഷത്തെ പെർമിറ്റ് അവസാനിച്ചതിനുശേഷം 30/6/2020 ന ശ്രീ. മുരളീധരൻ ടി ക്വാറീയിഗ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ നൽകുകയും തുടർന്ന് അന്നത്തെ ജിയോളജിസ്റ്റ് വീണ്ടും താലൂക്ക് സർ വ്വേയറിൽ നിന്നും സർവ്വെ മാപ്പ് ലഭ്യമാക്കുകയും ചെയ്തതായി കാണുന്നു. തൽസമയം ജിയോളജിസ്റ്റ് സ്ഥലം പരിശോധിക്കുകയും ടി സമയത്ത് അധിക ഖനനം കാണാതിരിക്കുകയും എന്നാൽ മൈനിംഗ് ബഞ്ചുകൾ സ്ഥാപിക്കാത്തതിനാൽ 1,00,000/- രൂപ പിഴ ഈടാക്കിയിട്ടുള്ളതുമായി കാണുന്നു. മേൽ സൂചിപ്പിച്ചവയിൽ നിന്നും ഓരോ വർഷവും ക്വാറീയിങ് പെർമിറ്റ് പുതുക്കിയ വേളയിൽ താലൂക്ക് സർവേയറിൽ നിന്നും സർവ്വേ സ്കെച്ച് വാങ്ങി കുടിശ്ശിക

തുക ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കിയിട്ടാണ് അനുമതി പുതുക്കി നൽകിയിട്ടുള്ളതെന്ന് കാണുന്നു. ജില്ലയുടെ മുഴുവൻ ഖനന പ്രവർത്തനങ്ങൾക്കും വീട് നിർമ്മാണവുമായി ബന്ധപ്പെട്ട സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതിയ്ക്കായുള്ള അപേക്ഷകളുടെ പരിശോധനകളും, ഇതുമായി ബന്ധപ്പെട്ട് വരുന്ന ജില്ലയുടെ മുഴുവൻ പരാതികളും, കോടതി കേസുകളും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളും പരിശോധന നടത്തേണ്ടതായിട്ടുണ്ടെന്നും ആയതിന് പരിമിതമായ ജീവനക്കാരും ഒരു വാഹനവും ആണുള്ളത് ഈ കാരണങ്ങൾ കൊണ്ട് പാറമടകളുടെ പരിശോധനകളും വാഹന പരിശോധനകളും തുടർച്ചയായി വകുപ്പിന് നടത്തുവാൻ ബുദ്ധിമുട്ടുള്ളതായി കാണുന്നു.

2. ഖനനാനുമതി പുതുക്കിനൽകിയ സമയത്ത് അതിരുകൾ വേർതിരിച്ച്ബൗണ്ടറി പില്ലറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിനുശേഷമാണ് ടിയാൻ അനുമതി നൽകിയത്. എന്നിരുന്നാലും ചുവടെ കൊടുത്തിരിക്കുന്ന 2015 ലെ KMMC ചട്ടം 40 (1), 68(2) എന്നിവ പ്രകാരം ഇടയ്ക്കിടയ്ക്ക് പരിശോധന നടത്തേണ്ടതും ക്വാറീയിംഗ് പ്രവർത്തികൾ മൈനിംഗ് പ്ലാനിൽ നിന്നും വ്യതിചലിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട അതോറിറ്റി അതായത് ജില്ലാ ജിയോളജിസ്റ്റ് പ്രസ്തുത പ്രവർത്തി നിറുത്തിവയ്ക്കുന്നതിനു ഉത്തരവ് നൽകേണ്ടതുമാണ്.

40(1) The lessee shall allow my officer authorised by the Government or the competent authority and the Central Government to enter upon any building excavation or land comprised In the lease for the purpose of inspecting the same. 68(2) If the quarrying operations are not carried out in accordance with mining plan as prescribed under these rules, the competent authority may order suspension of all or any of the quarrying operations and permit continuance of only such operations as amy be necessary to restore the conditions in the quarry as envisaged under the said mining plan.

3. 2015 ലെ KMMC ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുൻപ് തന്നെഅപേക്ഷാ സ്ഥലവും അതിനോട് ചേർന്നുള്ള മറ്റ് സ്ഥലങ്ങളും ബഞ്ചുകളൊന്നും സ്ഥാപിക്കാതെ ത്രുക്കായി വൻ രീതിയിൽ ഖനനം നടന്ന നിലയിലായിരുന്നു. ടി ക്വാറി അതിനു മുൻപ് പ്രവർത്തിച്ച കൊണ്ടിരുന്ന ക്വാറിയാണ് എന്ന് രേഖകൾ പരിശോധിച്ചതിൽ മനസിലാകുന്നു. ഇത്തരം

സാഹചര്യത്തിൽ ഉൾക്കായി മുൻപ് ഖനനം ചെയ്തു നീക്കിയ ഭാഗങ്ങൾ പിന്നീടും അതേ രീതിയിൽ നിലനിൽക്കും. ഇവിടെ അപ്രകാരമാണ് ഖനന മേഖലയിൽ ഉൾക്കായ ഭാഗങ്ങൾ കാണാൻ സാധിച്ചത് എന്ന് കാണുന്നു. എന്നാൽ പിന്നീട് ഖനനാനുമതി പുതുക്കുന്ന സമയത്ത് അപേക്ഷകൻ മൈനിംഗ് പ്ലാനിൽ നിന്നും വ്യതിചലിച്ചതിന് അതായത് മൈനിംഗ് ബഞ്ച് സ്ഥാപിക്കാത്തതിന് തൽസമയ ജിയോളജിസ്റ്റ് അപേക്ഷകനെതിരെ നടപടി സ്വീകരിച്ച് 1 ലക്ഷം രൂപ പിഴ ഈടാക്കി കുറ്റം രാജിയാക്കിയതായി കാണാവുന്നതാണ്.

8) വിജിലൻസ് ശുപാർശകളും അന്വേഷണ ഉദ്യോഗസ്ഥയുടെ കണ്ടെത്തലുകളും സർക്കാർ വിശദമായി പരിശോധിക്കുകയും അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട് പരിഗണിച്ച് കൊണ്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ എസ്.സി/75/2019/ കൊല്ലം മിന്നൽ പരിശോധനയിലെ കുറ്റാരോപിതനായ ശ്രീ ശ്രീജിത്ത് എസ് , ജിയോളജിസ്റ്റിന് "സെൻഷർ"നൽകി അച്ചടക്ക നടപടി പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം .

ശ്രീ ശ്രീജിത്ത് എസ് , ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജിവകുപ്പ്,

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള ,തിരുവനന്തപുരം.

വിജിലൻസ് (ബി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള , തിരുവനന്തപുരം.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ (വെബ് & ന്യൂ ) മീഡിയ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 11-06-2024 12:01:47